LIBRARY ARCHIVES Kerala Legislative Assembly

ക്കുരാച്ചുണ്ട്, വാണിമേൽ, കോടഞ്ചേരി പഞ്ചായത്തുകളിൽ ഉത്തരവാദിത്വ ടൂറിസം സാധ്യതാപഠനം നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഡെസ്റ്റിനേഷനെ അന്താരാഷ്ട്ര ഉത്തരവാദിത്വ ടൂറിസം മാതൃകാ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പ്രദേശത്ത് ആരംഭിച്ചിട്ടുണ്ട്.

പാറോപ്പടി ജലാശയ പദ്ധതി

152(762) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ സ്വകാര്യ/ പൊതുപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്ന വേങ്ങേരി, പേരാവൂർ വില്ലേജിലെ പാറോപ്പടി ജലാശയ പദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; എങ്കിൽ തുടർനടപടി സ്വീകരിക്കുമോ?

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പാറോപ്പടി ജലാശയ നിർമ്മാണത്തിനായി പദ്ധതികൾ ആരംഭിച്ചിട്ടില്ല. ജില്ലാ കളക്ടർ ചെയർമാനായ ഡി.റ്റി.പി.സി., കോഴിക്കോട് പാറോപ്പടി ജലാശയ നിർമ്മാണവുമായി ബന്ധപ്പെട്ട് കൺസൾട്ടന്റ് തയ്യാറാക്കിയ ഡിസൈനും സാമ്പത്തിക വിശകലനം ഉൾപ്പെടെയുള്ള കൺസപ്റ്റ് റിപ്പോർട്ടും വിനോദസഞ്ചാര വകുപ്പിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. 60 ഏക്കർ സ്ഥലത്താണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധിച്ചശേഷം തുടർനടപടി സ്വീകരിക്കാവുന്നതാണ്.

പൈതൃക സർക്യൂട്ട്

153(763) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂറിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതിയിൽ ആറ്റിങ്ങലും കിളിമാനൂരും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. തിരുവിതാംകൂറിന്റെ ചരിത്ര പ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിനായി ആർക്കിടെക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർക്കിടെക്ട് രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ സർക്യൂട്ടിലുൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള വിശദാംശം ലഭ്യമാകുകയുള്ളൂ.